ശക്തിപ്പെടുത്തി ലാഭകരമാക്കുന്നതിന്റെ ഭാഗമായി അവയുടെ നഷ്ടത്തിന്റെ അടിസ്ഥാന പ്രശ്നം പരിഹരിക്കുന്നതിനുള്ള ദീർഘ/ഹ്രസ്വകാല പദ്ധതികൾ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 718.50 കോടി രൂപ ഇത്തരത്തിൽ വിവിധ പദ്ധതികൾക്കായി സർക്കാർ ഇതിനകംതന്നെ പൊതുമേഖലാസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാതെതന്നെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തത്തക്കവിധത്തിലുള്ള പ്രവർത്തന നിരീക്ഷണ സംവിധാനമാണ് ഇപ്പോൾ സർക്കാർ സ്വീകരിച്ചുവരുന്നത്. ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ ഉൽപ്പാദനവും വിറ്റുവരവും നേടുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്.

ഭൂരഹിതരായ ആദിവാസികൾക്ക് സമയപരിധിക്കുള്ളിൽ ഭൂമി നൽകാൻ നടപടി

21 (*51) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഏത് കാലയളവിൽ ഭൂമി നൽകുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(സി) ഭൂരഹിതരായ ആദിവാസികൾക്ക് നൽകാനെന്ന പേരിൽ വാസയോഗ്യമല്ലാത്ത ഭൂമി വൻ തുകകൾക്ക് വാങ്ങിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം ഭൂമി വിതരണം നടപ്പാക്കിവരുന്നു :

1. ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി

2013-14 വർഷം ആരംഭിച്ച ഈ പദ്ധതി മുഖേന നാളിതുവരെ 420 പേർക്ക് 146.137 ഏക്കർ ഭൂമി വിതരണം ചെയ്തു. 2015-16 വർഷം പ്രസ്തുത പദ്ധതിക്കായി ഫണ്ട് ലഭ്യമാക്കി തുടർന്നും ഭൂമി വാങ്ങി നൽകുന്നതാണ് (അനുബന്ധം1)*

2. വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികളുടെ പുനരധിവാസ . പദ്ധതി :

അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് മുൻഗണന നൽകി വയനാട് ജില്ലയിലെ ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

3. സുപ്രീം കോടതി വിധി പ്രകാരമുള്ള വനഭൂമിയുടെ വിതരണം:

സുപ്രീം കോടതി വിധി പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വനഭൂമി കണ്ടെത്തി വിതരണം ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

4. ടി.ആർ.ഡി.എം. മുഖേന കണ്ടെത്തുന്ന ഭൂമി:

ടി.ആർ.ഡി.എം. മുഖേന റവന്യൂ ഭൂമി, നിയമ തടസ്സങ്ങളില്ലാത്ത മറ്റ് ഭൂമി, വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പക്കൽ നിന്ന് ലഭ്യമാകുന്ന ഭൂമി, കേന്ദ്രസർക്കാർ അനുമതിയോടെ ലഭ്യമാകുന്ന ഭൂമി എന്നിവയുടെ വിതരണം നടത്തിവരുന്നു. നാളിതുവരെ 7033 പേർക്ക് 9161.49 ഏക്കർ ഭൂമി ടി.ആർ.ഡി.എം. മുഖേന വിതരണം ചെയ്തിട്ടുണ്ട്. (അനുബന്ധം 2)*

(ബി) ഭൂരഹിതരായ മുഴുവൻ പട്ടിക വർഗ്ഗക്കാർക്കും ഭൂമിയുടെ ലഭ്യതയനുസരിച്ച് ഭൂമി വിതരണം ചെയ്യുന്നതാണ്.

(സി) ഉണ്ട്. ഇക്കാര്യത്തിലുള്ള മാധ്യമ റിപ്പോർട്ടുകൾ, വ്യക്തികളുടെ പരാതികൾ എന്നിവ സർക്കാർ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്. നിലവിൽ അട്ടപ്പാടി, ആലപ്പുഴ എന്നീ ഓഫീസുകളിൽ നിന്നുള്ള പരാതികൾ അന്വേഷിച്ചു വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly